ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 13.06.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. അതിവേഗം മാറുന്ന ആഗോള - സുരക്ഷാ വെല്ലുവിളികളുടെ കാലഘട്ടത്തിൽ ഇന്ത്യൻ സേന ഭാവി സാഹചര്യങ്ങളെ നേരിടാൻ സജ്ജമാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **In the era of rapidly changing global and security challenges, President Draupadi Murmu has said that the Indian Army should be ready to face future situations.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ്- സ്ലൊവാക്യ സന്ദർശനത്തിന് തുടക്കമായി, നാളെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi's visit to France-Slovakia has begun, and he will meet French President Emmanuel Macron tomorrow.**

3. രാജ്യത്തിന്റെ പുതിയ കരസേനാ മേധാവിയായി ലെഫ്റ്റനന്റ് ജനറൽ ധീരജ് സേത്തിനെ നിയമിച്ച് കേന്ദ്ര സർക്കാർ, ഈ മാസം 30 ന് ചുമതലയേൽക്കും.

   **The central government has appointed Lieutenant General Dhiraj Seth as the country's new Army Chief, who will take charge on the 30th of this month.**

4. കേരളത്തിൽ നിപാ ജാഗ്രത തുടരുന്നു. കോഴിക്കോടെത്തിയ കേന്ദ്ര സംഘം സ്ഥിതിഗതികൾ വിലയിരുത്തി.

**Kerala on high alert for Nipah. Central team reaches Kozhikode to assess situation.**

5. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

**Thunderstorms and strong winds are likely in isolated places in the state; Fishing is banned on the coasts of Kerala - Karnataka - Lakshadweep today.**

6. ICC വനിത T-20 ലോക കപ്പ് ക്രിക്കറ്റിൽ അയർലന്റിനെതിരെ സ്കോട്ട്ലന്റിന് 40 റൺ ജയം, ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം നാളെ.

**Scotland beat Ireland by 40 runs in ICC Women's T-20 World Cup, India-Pakistan clash tomorrow.**

**&&&&&&&&&&&&&&&&&&**

## PM-DEPARTURE STATEMENT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറ് ദിവസത്തെ ഫ്രാൻസ്, സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. ഫ്രാൻസുമായുള്ള സാമ്പത്തിക, സാംസ്കാരിക ബന്ധം മെച്ചപ്പെടുത്തുന്നതിലും സ്ലോവാക്യയുമായുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിലും ദ്വിരാഷ്ട്ര സന്ദർശനം സഹായകമാകുമെന്ന് പര്യടനത്തിന് പുറപ്പെടും മുൻപ് നൽകിയ പ്രസ്താവനയിൽ പ്രധാനമന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## PM VISIT

ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ ആദ്യപാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തും. മികച്ച

ഇന്നൊവേഷൻ സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്ന 'ഭാരത് ഇന്നൊവേറ്റ്സ്' പരിപാടി ഇരുവരും സംയുക്തമായി ഉദ്ഘാടനം ചെയ്യും. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ സ്ലോവാക്യൻ പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി ശ്രീ മോദി ചർച്ച നടത്തും. സ്ലൊവാക്യൻ സന്ദർശനം പൂർത്തിയാക്കി ഈ മാസം 16, 17 തീയതികളിൽ ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന ജി-7 ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. 18 ന് പാരീസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി യൂറോപ്പിലെ ഏറ്റവും വലിയ സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പ് പരിപാടിയായ വിവാടെക് ഉച്ചകോടിയിലും പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## PREZ DEHRADUN- INTRO

മാറുന്ന ആഗോള സാഹചര്യങ്ങൾക്കനുസരിച്ച് സ്വയം നവീകരിക്കാനും ഭാവി വെല്ലുവിളികളെ നേരിടാനും സൈന്യം സജ്ജമായിരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. സൈനിക ദൗത്യങ്ങളുടെ വിജയവും സൈനികരുടെ ക്ഷേമവും ഒരുപോലെ പ്രധാനമാണെന്നും ഇവ രണ്ടും സന്തുലിതമായി കൊണ്ടുപോകുന്നത് സേനയുടെ പോരാട്ടവീര്യവും വർദ്ധിപ്പിക്കുമെന്നും ശ്രീമതി മുർമു വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ഇത്തവണ ആദ്യമായി പുരുഷ കേഡറ്റുകൾക്കൊപ്പം വനിതാ കേഡറ്റുകൾ മാർച്ച് ചെയ്ത പരേഡിൽ രാഷ്ട്രപതി അഭിവാദ്യം സ്വീകരിച്ചു. 500-ലധികം കേഡറ്റുകളാണ് സൈനിക ഉദ്യോഗസ്ഥരായി ഇന്ന് ചുമതലയേറ്റത്.

&&&&&&&&&&&&&&&&&&

## NEW ARMY CHIEF

പുതിയ കരസേനാ മേധാവിയായി ലെഫ്റ്റനന്റ് ജനറൽ ധീരജ് സേത്തിനെ കേന്ദ്ര സർക്കാർ നിയമിച്ചു. നിലവിൽ കരസേന ഉപമേധാവിയായ അദ്ദേഹം ഈമാസം 30 ന് ചുമതലയേൽക്കും. കാലാവധി അവസാനിക്കുന്ന കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ പിൻഗാമിയായാണ് ലെഫ്റ്റനന്റ് ജനറൽ ധീരജ് സേത്തിന്റെ നിയമനം.

&&&&&&&&&&&&&&&&&&

## IAF - AN-32 CRASH

അസമിലെ ജോർഹട്ടിൽ AN32 സൈനിക വിമാനം തകർന്നുവീണ് അഞ്ച് വ്യോമസേനാ ഉദ്യോഗസ്ഥർ വീരമൃത്യു വരിച്ച സംഭവത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അനുശോചനം രേഖപ്പെടുത്തി. വ്യോമസേന ഉദ്യോഗസ്ഥരുടെ ധൈര്യവും രാഷ്ട്ര സേവനവും എന്നും ഓർമ്മിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു. സംഭവത്തിൽ വ്യോമസേന അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH-CGP- INTRO

ആഗോളതലത്തിൽ സൈനികശേഷിയെ നിർണയിക്കുന്നത് സാങ്കേതിക പുരോഗതിയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഹൈദരാബാദിൽ നടന്ന ഇന്ത്യൻ വ്യോമസേനയുടെ സംയുക്ത ഗ്രാജുവേഷൻ പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാറുന്ന സുരക്ഷാ സാഹചര്യങ്ങൾക്കനുസരിച്ച് ഡ്രോണുകൾ, ഉപഗ്രഹങ്ങൾ, റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക

സാങ്കേതിക വിദ്യകൾ സൈനികർ പ്രയോജനപ്പെടുത്തണമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## SHAH- PM

60 ദശലക്ഷത്തിലധികം യുവാക്കളുടെ നൈപുണ്യ വികസനത്തിലൂടെ രാജ്യം വലിയ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. വിദ്യാഭ്യാസ-വ്യവസായ മേഖലകൾക്ക് പുറമെ കായികരംഗത്തും ഇന്ത്യൻ യുവാക്കൾ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുകയാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യത്തുടനീളം വിദ്യാഭ്യാസം, നൈപുണ്യം, നൂതനാശയങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാൻ സർക്കാരിന് സാധിച്ചതായും പ്രധാനമന്ത്രി നടപ്പിലാക്കിയ വിവിധ നയങ്ങളാണ് ഇന്ത്യയെ ലോകത്തിലെ രണ്ടാമത്തെ വലിയ ഉന്നതവിദ്യാഭ്യാസ ശൃംഖലയാക്കി മാറ്റിയതെന്നും ശ്രീ ഷാ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## MOHAN BHAGWAT

ഭാരതം ലോകത്തിന് വഴികാട്ടിയാണെന്നും ലോകരാഷ്ട്രങ്ങളുടെ പ്രതീക്ഷയാണെന്നും ആർ.എസ്.എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. ആർ എസ് എസ് ശതാബ്ദിയുടെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന പ്രഭാഷണ സഭയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

മൂന്ന് ദിവസത്തെ സന്ദർശനത്തിനെത്തിയ മോഹൻ ഭാഗവത് നാളെ തൃശൂരിലെ പരിപാടിയിലും പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## NIPAH

കേരളത്തിൽ നിപാ ജാഗ്രത തുടരുന്നു. ആരോഗ്യവകുപ്പ് സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിപ സാഹചര്യം വിലയിരുത്താനായി കേന്ദ്ര സംഘം കോഴിക്കോട് എത്തി. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. അതിനിടെ സമ്പർക്കപ്പട്ടികയിലുള്ള 3 പേരുടെ പരിശോധന ഫലം നെഗറ്റീവ് ആയി. സമ്പർക്ക പട്ടികയിൽ ഉള്ള 4 പേരെ കൂടി ഇന്ന് നിരീക്ഷണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജില്ലയിലെ നിപ സ്ഥിതിഗതികൾ മന്ത്രി എ പി അനിൽകുമാർ വിലയിരുത്തി. ആരോഗ്യമന്ത്രി നാളെ കോഴിക്കോട് എത്തുമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ICC WOMEN WORLDCUP

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ അയർലന്റിനെതിരെ സ്കോട്ട്ലന്റിന് 40 റണ്ണിൻറെ ജയം. 162 റൺ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ അയർലന്റിന് 121 റണ്ണിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മറ്റൊരു മത്സരത്തിൽ ഓസ്ട്രേലിയ ദക്ഷിണാഫ്രിക്കയെ നേരിടുകയാണ്. രാത്രി 11ന് നടക്കുന്ന മൂന്നാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ന്യൂസിലാന്റിനെ നേരിടും. നാളെയാണ് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ബിർമിംഹാമിൽ രാത്രി 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## IND-AFG CRICKET

ഇന്ത്യ-അഫ്ഗാനിസ്ഥാൻ ഒന്നാം ഏകദിന മത്സരം ധർമ്മശാലയിൽ പുരോഗമിക്കുന്നു. മഴ കാരണം മത്സരം 25 ഓവറാക്കി ചുരുക്കിയിട്ടുണ്ട്. ടോസ് നഷ്ടപ്പെട്ട് ആദ്യചം ബാറ്റിങ്ങിനിറങ്ങിയ അഫ്ഗാൻ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 19 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 163 റൺ എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&

## IRAN-US PEACE DEAL

പ്രധാന നിബന്ധനകൾ അംഗീകരിക്കാതെ അമേരിക്കയുമായി അന്തിമ സമാധാന കരാറിൽ ഒപ്പുവെക്കില്ലെന്ന് വ്യക്തമാക്കി ഇറാൻ. അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന നാവിക ഉപരോധം നീക്കുകയും മരവിപ്പിച്ചു നിർത്തിയിരിക്കുന്ന കോടിക്കണക്കിന് ഡോളറിന്റെ ഇറാനിയൻ ആസ്തികൾ വിട്ടുനൽകുകയും ചെയ്യാതെ സുസ്ഥിര കരാറിനെ ടെഹ്റാൻ പിന്തുണയ്ക്കില്ലെന്ന് ഇറാനിയൻ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

അതേസമയം ഒരു ധാരണാപത്രത്തിന്റെ കരട് പൂർത്തിയായതായും വരും ദിവസങ്ങളിൽ ഇതിൽ ഡിജിറ്റലായി ഒപ്പുവെച്ചേക്കാമെന്നും ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

**&&&&&&&&&&&&&&&&&&**

## SABARIMALA

മിഥുന മാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി ശ്രീകോവിൽ തുറന്ന് നെയ്ത്തിരി തെളിയിക്കും.

**&&&&&&&&&&&&&&&&&&**

## OM BIRLA- CONFERENCE

2047 ഓടെ വികസിത രാഷ്ട്രമായി മാറുന്നതിനുള്ള ഇന്ത്യയുടെ യാത്ര കൃഷിയിടങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയുമാണെന്നും സുസ്ഥിര കൃഷി, നൂതനാശയം, ഗവേഷണം എന്നിവയാണ് വികസിത ഭാരതത്തിന്റെ അടിത്തറയെന്നും ലോക്സഭാ സ്പീക്കർ ഓം ബിർള. ന്യൂഡൽഹിയിൽ നടന്ന ദ്വിദിന ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## AYUSH

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ എന്നതാണ് ഈ വർഷത്തെ പ്രമേയം. ഗിന്നസ് ലോക റെക്കോർഡ് ലക്ഷ്യമിട്ടുകൊണ്ട് ഒരേസമയം ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഓൺലൈൻ യോഗ സെഷൻ നാളെ രാവിലെ 06:15 മുതൽ 07:35 വരെ ആയുഷ് മന്ത്രാലയത്തിന്റെ യൂട്യൂബ് ചാനലിലൂടെ സംഘടിപ്പിക്കും. ജൂൺ 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&